Mathrubhumi-23-02-2018-P-10

# വയനാട്ടിൽ കാർഷിക കോളേജ്; സീറ്റും കൂടും

**തൃശ്ശൂർ** ▸ വയനാട്ടിൽ പുതിയ കാർഷിക കോളേജ് സ്ഥാപിക്കാനും നിലവിലുള്ള കാർഷിക കോളേജുകളിൽ സീറ്റ് വർധിപ്പിക്കാനും കേരള കാർഷിക സർവകലാശാലാ അക്കാദമിക് കൗൺസിൽ തീരുമാനം. കാർഷിക ബിരുദ കോഴ്സിന് ലഭ്യമായ സീറ്റുകളുടെ കുറവും വർധിച്ചുവരുന്ന ആവശ്യകതയും കണക്കിലെടുത്താണ് തീരുമാനമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു പറഞ്ഞു. അമ്പലവയലിലാരംഭിക്കുന്ന പുതിയ കോളേജ് കൃഷിശാസ്ത്ര പഠനത്തിനും ഗവേഷണത്തിനും കൂടുതൽ അവസരങ്ങൾ നൽകുന്നതിനൊപ്പം വയനാടിന്റെ വികസനത്തിനും വഴിതെളിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പുതിയ കോളേജിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിലും മതിയായ ധനസഹായം ലഭ്യമാക്കുന്നതിലും സർവകലാശാല ശ്രദ്ധിക്കണമെന്ന് വിദ്യാർഥി പ്രതിനിധികൾ യോഗത്തിൽ ആവശ്യപ്പെട്ടു. ഉത്തരക്കടലാസ് പുനഃപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും അഡീഷണൽ സെമസ്റ്റർ രജിസ്റ്റർ ചെയ്യുന്നതിനും ഉള്ള ഫീസ് കുറയ്ക്കുക, പി.ജി., ഗവേഷണ വിദ്യാർഥികൾക്കുള്ള ധനസഹായം വർധിപ്പിക്കുക, അക്കാദമിക് കലണ്ടർ ഏകീകരിക്കുക തുടങ്ങിയ വിദ്യാർഥി പ്രതിനിധികളുടെ ആവശ്യങ്ങളും പി.ജി. പ്രവേശന പരീക്ഷ പുനഃക്രമീകരിക്കണമെന്ന അധ്യാപക പ്രതിനിധിയുടെ നിർദേശവും പരിശോധിക്കാൻ ഉപസമിതികളെ നിയോഗിച്ചു.

വെള്ളാനിക്കരയിൽ ചേർന്ന 131-ാമത് കൗൺസിൽ യോഗത്തിൽ രജിസ്ട്രാർ ഡോ. എസ്. ലീനാകുമാരി, ഫാക്കൽറ്റി ഡീൻമാരായ ഡോ. എ. അനിൽകുമാർ, ഡോ. കെ. വിദ്യാസാഗരൻ, ഡോ. ശാന്തി മേരി മാത്യു, വിജ്ഞാന വ്യാപന ഡയറക്ടർ ഡോ. ജിജു പി. അലക്സ്, വിദ്യാർഥി ക്ഷേമ ഡയറക്ടർ ഡോ. മനോജ് ടി.ഐ., അധ്യാപക പ്രതിനിധികളായ ഡോ. എം. ജോയ്, ഡോ. എ.വി. സന്തോഷ് കുമാർ, ശിവജി, വിദ്യാർഥി പ്രതിനിധികളായ അഖിൽ അജിത്, അർച്ചനാ ഉണ്ണികൃഷ്ണൻ, ഹേന എം. എന്നിവർ പങ്കെടുത്തു.